പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 306 | 28/11/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനത്തിന് കേരള ഇലക്ട്രിസിററി ബോർഡിന്റെ സിവിൽ വിംഗിനെകൊണ്ട് തയ്യാറാക്കിയ 90 കോടി രൂപയുടെ വിശദമായ മാസ്റ്റർ പ്ലാനിന് സർക്കാർ ഉത്തരവ് നം. 2989/2018/എച്ച്& എഫ്.ഡബ്ല്യൂ. ഡി തീയതി 28/09/2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | ഇതിനായി ഏതെങ്കിലും ഏജൻസിയുടെ ധനസഹായം ലഭിക്കുമോ; വിശദീകരിക്കുമോ; ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദീകരിക്കുമോ; | ബി) | സർക്കാർ ഉത്തരവ് നം. 2989/2018/എച്ച്& എഫ്.ഡബ്ല്യൂ. ഡി തീയതി 28/09/2018 പ്രകാരം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുണ്ട്. ഇപ്പോൾ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. |
| സി) | വികസന പ്രവർത്തനങ്ങൾ പൂർണ്ണമാകുമ്പോൾ രോഗികൾക്ക് എന്തെല്ലാം അധികസൗകര്യങ്ങൾ ലഭിക്കുമെന്ന് വിശദീകരിക്കുമോ; | സി) | നിലവിൽ കെട്ടിടങ്ങളുടെ അപര്യാപ്തത മൂലം വീർപ്പുമുട്ടുന്ന താലൂക്ക് ആശുപത്രിയിൽ ഐ.സി.യൂ, മെഡിക്കൽ വാർഡ് , വിശാലമായ ലബോറട്ടറി സൗകര്യം, രക്തബാങ്ക്, കേന്ദ്രീകൃത ഓക്സിജൻ പ്ലാന്റ്, സ്കാനിംഗ് സംവിധാനം എന്നിവ ഉൾക്കൊള്ളുന്ന മൂന്ന് നിലകളോട് കൂടിയ വാർഡ് ടവറിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇപ്പോഴത്തെ ആസ്ബറ്റോ |

| | | | |
|---|---|---|---|
| | | | സ് നിർമ്മിതമായ സുനാമി വാർഡ് നീക്കം ചെയ്ത് അവിടെ 8 നിലകളുള്ള ഒ.പി/ ഐ.പി കെട്ടിടം നിർമ്മിക്കുവാനുള്ള ഭരണാനുമതി യാണ് നൽകിയിരിക്കുന്നത്. |
| ഡി ) | ഇവിടെ ട്രോമാകെയർ, ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ബേസിക് ട്രോമാകെയർ യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ബ്ലഡ് സ്റ്റോറേജ് യൂണിറ്റും പ്രവർത്തനക്ഷമമാണ്. |

(signature)

സെക്ഷൻ ഓഫീസർ